GOLDEN JUBILEE Celebrations 1965-2015
Fiftieth Year of Film Society Movement in Kerala

Federation of Film Societies of India
Keralam

FFSI KERALAM

FFSI news

May -June 2015

# ജോൺ എബ്രഹാം അവാർഡ്





ഫിലിം സൊസൈറ്റി ഫെഡറേഷന്റെ കേരളഘടകം ഏർപ്പെടുത്തിയിട്ടുള്ള 17-ാമത് ജോൺ എബ്രാഹം പുരസ്കാരത്തിന് പ്രിയനന്ദനൻ സംവിധാനം ചെയ്ത *ഞാൻ നിന്നോടു കൂടെയുണ്ട്* എന്ന ചിത്രം തെരഞ്ഞെടുക്കപ്പെട്ടു. *ഒരാൾപ്പൊക്കം* എന്ന സിനിമയുടെ സംവിധായകൻ സനൽകുമാർ ശശിധരൻ സംവിധാനമികവിനുള്ള പ്രത്യേക ജൂറി അവാർഡു നേടി. എൻ കെ മുഹമ്മദ് കോയ സംവിധാനം ചെയ്ത *അലീഫ്* എന്ന സിനിമ ജൂറിയുടെ പ്രത്യേക പരാമർശത്തിന് അർഹമായി.



പ്രശസ്ത ചലച്ചിത്രസംവിധായകനായ പി ടി കുഞ്ഞുമുഹമ്മദ് ചെയർമാനും ശബ്ദസന്നിവേശകനായ എം ഹരികുമാർ, എഴുത്തുകാരിയും നിരൂപകയുമായ വി എസ് ബിന്ദു എന്നിവർ അംഗങ്ങളും കെ പ്രഭാകരൻ മെമ്പർ സെക്രട്ടറിയുമായ ജൂറിയാണ് അവാർഡ് നിർണ്ണയിച്ചത്. മികച്ച സിനിമയ്ക്കു മാത്രമായി ജോൺ എബ്രഹാം അവാർഡ് പരിമിതപ്പെടുത്തരുതെന്ന് ജൂറി അഭിപ്രായപ്പെട്ടു. അവാർഡ് എണ്ണം വർദ്ധിപ്പിച്ച് വിപുലീകരിക്കണമെന്നും നിർദ്ദേശിച്ചു.

# സുവർണ്ണജൂബിലി വർഷം

കേരളത്തിൽ ഫിലിം സൊസൈറ്റി പ്രസ്ഥാനം പ്രവർത്തനമാരംഭിച്ചിട്ട് 2015-ൽ 50 വർഷം പൂർത്തിയാവുകയാണ്. 1965-ലാണ് തിരുവനന്തപുരത്ത് ചിത്രലേഖ ഫിലിം സൊസൈറ്റി ആരംഭിച്ചത്. ഈ വർഷം വ്യത്യസ്തമായ പ്രവർത്തനങ്ങളിലൂടെ സുവർണ്ണ ജൂബിലി ആഘോഷിക്കാൻ FFSI കേരള സബ് റീജിയൺ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രീകൃതവും പ്രാദേശികവുമായ രീതിയിൽ മുതിർന്ന ഫിലിം സൊസൈറ്റി പ്രവർത്തകരുടേയും ഫിലിം സൊസൈറ്റി പ്രവർത്തനത്തിലൂടെ ചലച്ചിത്രരംഗത്തെ വിവിധ മേഖലകളിൽ സ്വന്തം പ്രതിഭ പ്രകടമാക്കിയവരുടെയും കൂടിച്ചേരലുകൾ, ചലച്ചിത്രമേളകൾ, പുസ്തകപ്രസിദ്ധീകരണം തുടങ്ങിയ നിരവധി പരിപാടികൾ ഈ കാലയളവിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 2015 ജൂലൈ മാസത്തിൽ തിരുവനന്തപുരത്ത് സുവർണ്ണ ജൂബിലി പ്രവർത്തനങ്ങളുടെ ആരംഭം കുറിച്ചുകൊണ്ട് ഫിലിം സൊസൈറ്റി പ്രവർത്തകർ, ചലച്ചിത്രകാരന്മാർ സാങ്കേതികവിദഗ്ദ്ധർ, നിരൂപകർ, സാഹിത്യകാരന്മാർ തുടങ്ങിയവരുടെ വിപുലമായ കൂടിച്ചേരലുകൾ സംഘടിപ്പിക്കുന്നു.

GOLDEN JUBILEE Celebrations 1965-2015
Fiftieth Year of Film Society Movement in Kerala

GOLDEN JUBILEE Celebrations

1965-2015

Fiftieth Year of Film Society Movement in Kerala

# കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന് വയസ്സ് 50


**കെ ആർ മോഹനൻ**

വൈസ് പ്രസിഡന്റ്, കേരള സബ് റീജിയൺ


കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന് അരനൂറ്റാണ്ട് പ്രായമാവുകയാണ്. 1965 ജൂലൈയിൽ തിരുവനന്തപുരത്ത് ചിത്രലേഖ ഫിലിം സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിക്കുന്നതോടെയാണ് നല്ല സിനിമയുടെയും ലോകസിനിമയുടെയും ഒരു പുതിയ ലോകത്തിലേക്കുള്ള വാതിലുകൾ തുറക്കപ്പെട്ടത്. അന്നുവരെ കണ്ട കാഴ്ചകളുടെ വരണ്ട അനുഭവങ്ങളെ മറികടക്കുന്ന തരത്തിൽ ചലച്ചിത്രകലയുടെ സൗന്ദര്യശാസ്ത്രവികാസങ്ങളുടെ വ്യത്യസ്ത ധാരകളെ അടുത്തറിയാനും സിനിമ, യഥാർത്ഥത്തിൽ കാഴ്ചയുടെയും കേൾവിയുടെയും പുതിയ കലാരൂപമായി മാറിത്തീർന്നതെങ്ങിനെയെന്നും മലയാളി പ്രേക്ഷകർ അറിഞ്ഞുതുടങ്ങിയത് അപ്പോഴാണ്. ലോകമെങ്ങുമുള്ള നല്ല സിനിമകൾ, ഫിലിം ആർക്കൈവ്സ് ശേഖരങ്ങളിൽനിന്നും വിദേശരാജ്യ എംബസികളിൽനിന്നും ഫിലിം സൊസൈറ്റികളുടെ പ്രദർശനങ്ങളിലേക്ക് വന്നുതുടങ്ങി. 16 എംഎം പ്രിന്റുകളും 16 എംഎം പ്രൊജക്ടറുകളുമായി ഫിലിം സൊസൈറ്റികൾ, തങ്ങളുടെ സാഹസികയാത്രകൾ നടത്തിക്കൊണ്ട് പുതിയ സംവേദനത്തിന്റെ മണ്ഡലങ്ങളെ തള്ളിത്തുറന്ന് ഒരു സാംസ്കാരികസാന്നിദ്ധ്യമായി. *ബാറ്റിൽഷിപ്പ് പൊട്ടംകിനും, ബൈസിക്കിൾ തീവ്സും* തുടങ്ങി നവജർമ്മൻ സിനിമയും ഫ്രഞ്ച് ന്യൂവേവുമൊക്കെ മലയാളിപ്രേക്ഷകരുടെ ദൃശ്യസാക്ഷരതയ്ക്ക് കൂട്ടായി. സാഹിത്യത്തിലേയും നാടകത്തിലേയും ചിത്രകലയിലേയും പുതിയ മാറ്റങ്ങൾക്കും പരീക്ഷണങ്ങൾക്കുമൊപ്പം സിനിമയും അതിന്റെ വ്യത്യസ്ത വഴികളിലൂടെ സഞ്ചരിച്ചുകൊണ്ടിരുന്നതിന്റെ അനുഭവങ്ങൾ കേരളത്തിന്റെ സാംസ്കാരികമണ്ഡലത്തിലും സാദ്ധ്യമാക്കിയത് ഫിലിം സൊസൈറ്റികളിലൂടെ വന്ന സിനിമകളായിരുന്നു.

വഴിമാറിനടന്ന പുതിയ സിനിമകളുടെ പരീക്ഷണങ്ങളും ലോകസിനിമകളെ പരിചയപ്പെടുത്തിക്കൊണ്ട് എഴുതപ്പെട്ട പഠനങ്ങളുമൊക്കെ എഴുപതുകളെയും എൺപതുകളെയും സജീവമാക്കി. നൂറോളം ഫിലിം സൊസൈറ്റികൾ ഈ കാലയളവിൽ പല ഭാഗങ്ങളിലായി പ്രവർത്തിച്ചിരുന്നു. എൺപതുകളുടെ അവസാനം മുതൽ തൊണ്ണൂറുകളുടെ ആദ്യ പകുതിവരെയുള്ള കാലയളവിൽ ഫിലിം സൊസൈറ്റികളുടെ പ്രവർത്തനം പലയിടങ്ങളിലും പലകാരണങ്ങൾ കൊണ്ടും മന്ദീഭവിച്ചു. സൊസൈറ്റികളുടെ എണ്ണം 25-നും 30-നും ഇടയിലേക്ക് ചുരുങ്ങി. പിന്നീട് കേരളത്തിന് മാത്രമായി ഒരു സ്റ്റേറ്റ്ലെവൽ ഓഫീസുണ്ടാക്കുകയും ചലച്ചിത്ര ഫിലിം സൊസൈറ്റിയിലെ രാജശേഖരൻപിള്ള സെക്രട്ടറിയായി ഒരു കമ്മിറ്റി ചുമതലയേൽക്കുകയും ചെയ്തു. അന്നതിന് ഓഫീസില്ലായിരുന്നു. രാജശേഖരൻ പിള്ളയുടെ വീട്ടിലാണ് അത് പ്രവർത്തിച്ചത്. കുറച്ചുനാളുകൾക്കുശേഷം ഡി. ചന്ദ്രസേനന്റെയും വി.കെ ജോസഫിന്റെയും നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി ചുമതലയേറ്റെടുത്തു. ടി.കെ രാമകൃഷ്ണൻ സാംസ്കാരിക വകുപ്പുമന്ത്രിയും പി ഗോവിന്ദപ്പിള്ള ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാനുമായിരിക്കെ കലാഭവനിൽ അനുവദിച്ചുകിട്ടിയ ഓഫീസ് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. അതിനുശേഷം നടന്ന വ്യത്യസ്തവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങളിലൂടെ, നിരവധി ക്യാമ്പുകളും സെമിനാറുകളും ചലച്ചിത്രോത്സവങ്ങളുമൊക്കെ നടത്തുകയും പുതിയ സൊസൈറ്റികൾ രൂപീകരിക്കപ്പെടുകയും പഴയതിൽ ചിലത് വീണ്ടുംപ്രവർത്തനമാരംഭിക്കുകയും ചെയ്തു. കേരളത്തിനുമാത്രമായി ഒരു സ്വതന്ത്ര റീജിയനുണ്ടാവണമെന്ന ആവശ്യം മുൻനിർത്തി കേരളത്തിലെ കമ്മിറ്റിയും കേന്ദ്രനേതൃത്വവും തമ്മിൽ നടന്ന സംവാദങ്ങളുടെയും തർക്കങ്ങളുടെയും സംഘർഷങ്ങളുടെയും ഫലമായി കേരളത്തിന് സ്വതന്ത്രമായി പ്രവർത്തിക്കാവുന്ന ഒരു സബ് റീജിയൺ രൂപീകരിക്കപ്പെട്ടു. സ്വതന്ത്രമായി പ്രവർത്തിക്കുന്ന അഞ്ചാമത്തെ റീജിയനായി കേരളത്തിനെ അംഗീകരിക്കണമെന്നായിരുന്നു നമ്മുടെ ആവശ്യം. സൊസൈറ്റികളുടെ എണ്ണം ക്രമാനുഗതമായി കൂടിവന്നു. പഴയകാലത്തിൽനിന്ന് വ്യത്യസ്തമായി ഡിജിറ്റൽ സാങ്കേതികതയുടെ വളർച്ചയോടെ, എല്ലാ നല്ല സിനിമകളുടെയും ഡിവിഡികൾ സൊസൈറ്റികൾക്ക് ലഭ്യമാവാനുള്ള സൗകര്യങ്ങളുണ്ടായി. എൽസിഡി പ്രൊജക്ടറുകളും വ്യാപകമായി. ഇതും ഗുണകരമായി. 1987-ൽ ടി.കെ രാമകൃഷ്ണൻ സാംസ്കാരിക വകുപ്പു മന്ത്രിയായിരുന്നപ്പോൾ ഫിലിം സൊസൈറ്റി ഫെഡറേഷന് നാമമാത്രമായിട്ടാണെങ്കിലും ആദ്യമായി ഗ്രാന്റനുവദി

ക്കുകയുണ്ടായി. ഫിലിം സൊസൈറ്റി ഫെഡറേഷന്റെ നിവേദനങ്ങളുടെയും ഇടപെടലുകളുടെയുമൊക്കെ ഫലമായാണ് ചലച്ചിത്ര അക്കാദമി രൂപീകരിക്കപ്പെടുന്നതും അതിന്റെ നേതൃത്വത്തിൽ ഇന്നത്തെ രീതിയിലുള്ള വിപുലമായ IFFK ആരംഭിക്കുന്നതും. ഇക്കാര്യങ്ങളിലൊക്കെ കേരളത്തിലെ ഫിലിം സൊസൈറ്റികളുടെ സംഭാവന വളരെ വലുതാണ്. എല്ലാ പ്രതികൂലാവസ്ഥകളെയും നേരിട്ടുകൊണ്ടുതന്നെ നൂറിലധികം ഫിലിം സൊസൈറ്റികൾ കേരളത്തിൽ സജീവമായി. പക്ഷേ മാദ്ധ്യമങ്ങളുടെ വാർത്താരീതികളുടെ പ്രത്യേകതകൊണ്ടും താൽപ്പര്യങ്ങൾകൊണ്ടും ഈ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രചാരം ലഭിക്കാതെ പോകുന്നുണ്ട്.

കേരളത്തിലെ ചലച്ചിത്രമേഖലയിൽ ആസ്വാദകർ, നിരൂപകർ, സംവിധായകർ, സാങ്കേതികവിദഗ്ദ്ധർ എന്നിവരെയൊക്കെ സൃഷ്ടിക്കുന്നതിൽ ഫിലിം സൊസൈറ്റി പ്രവർത്തനങ്ങളുടെ പശ്ചാത്തലവും അന്തരീക്ഷവും വലിയ പങ്കുവഹിച്ചിട്ടുണ്ട്. നല്ല സിനിമയുടെ അമരക്കാരായ മുതിർന്ന നിരവധി സംവിധായകർ ഫിലിം സൊസൈറ്റികളുമായി ബന്ധമുള്ളവരായിരുന്നു. ഇപ്പോഴും അവരാ ബന്ധം ഏതെങ്കിലും തരത്തിൽ തുടരുന്നുമുണ്ട്. ഏറ്റവും പുതിയ തലമുറയിലെ സംവിധായകരിൽ പലരും ഫിലിംസൊസൈറ്റികളുടെ പ്രദർശനങ്ങളിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും ഉയർന്നുവന്നവരാണ്. കേരളത്തിലെ ചലച്ചിത്രനിരൂപകരെല്ലാം തന്നെ ഫിലിം സൊസൈറ്റികളുടെ ഉൽപ്പന്നമാണെന്നു പറയാം. ക്യാമറ, എഡിറ്റിംഗ്, ശബ്ദലേഖനം എന്നീ മേഖലകളിലുള്ള പലരും ഫിലിം സൊസൈറ്റികളുടെ പ്രദർശനങ്ങളിൽനിന്നും ആസ്വാദന പഠനക്യാമ്പുകളിൽനിന്നും പ്രചോദനമുൾക്കൊണ്ട്, ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിച്ച് പുറത്തിറങ്ങിയവരാണ്. ഫെഡറേഷന്റെ നേതൃത്വത്തിൽ നടക്കുന്ന സൈൻസ് (SIGNS) ഡോക്യുമെന്ററി-ഷോർട്ട് ഫിലിം ഫെസ്റ്റിവലുകളിലെയും ഫിലിം സൊസൈറ്റികൾ പല ഭാഗത്ത് നടത്തുന്ന ചെറിയ ചലച്ചിത്രമേളകളിലെയും സാന്നിദ്ധ്യംകൊണ്ടും പങ്കാളിത്തംകൊണ്ടും പിന്നീട് മികച്ച ചലച്ചിത്രങ്ങളുമായി പ്രത്യക്ഷപ്പെടാനുള്ള അവസരമുണ്ടാകുകയും ചെയ്ത നിരവധിപേരുണ്ട്.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സൊസൈറ്റികൾ സംഘടിപ്പിക്കുന്ന ചെറുതും വലുതുമായ ചലച്ചിത്രമേളകൾ ചലച്ചിത്രത്തിന്റെ പുതിയ ഭാവുകത്വത്തെ പതുക്കെയാണെങ്കിലും ഗുണകരമായി സ്വാധീനിക്കുന്നുണ്ട്. പ്രാദേശികമായി നടക്കുന്ന പല പ്രവർത്തനങ്ങളും മാദ്ധ്യമങ്ങളിൽ തമസ്കരിക്കപ്പെടുകയോ, വെറും പ്രാദേശിക വാർത്തകളായി ചുരുങ്ങുകയോ ചെയ്യുമ്പോൾ, മറ്റ് സ്ഥലങ്ങളിലുള്ളവർക്ക് ഫിലിം സൊസൈറ്റികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് യഥാർത്ഥ ചിത്രം ലഭിക്കാതെ പോകുകയും ചെയ്യുന്നുണ്ട്. അപ്പോൾ അവർ ധരിക്കുന്നത് ഫിലിം സൊസൈറ്റികൾ മരിച്ചുപോയി എന്നും പ്രവർത്തനങ്ങൾ തീരെ നടക്കുന്നില്ല എന്നുമാണ്. യഥാർത്ഥത്തിൽ പല ഭാഗങ്ങളിലും ഡോക്യുമെന്ററിയടക്കം ചെറിയ മേളകളും ചർച്ചകളും സെമിനാറുകളുമൊക്കെ നടക്കുന്നത് ആരും അറിയാതെ പോവുകയാണ്. നിലവിലുള്ള ഫിലിം സൊസൈറ്റികളുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും പ്രാദേശികമേളകൾ സംഘടിപ്പിക്കുന്നതിനും പ്രസ്ഥാനം വിപുലപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കുമായി ധനകാര്യമന്ത്രിയായിരുന്ന ഡോ. ടി.എം തോമസ് ഐസക് മുൻകയ്യെടുത്ത് 2010-11 വർഷത്തിൽ 50 ലക്ഷം രൂപ ഗ്രാന്റനുവദിച്ചത് പ്രവർത്തനങ്ങളെ സജീവമാക്കി. 2011-12 വർഷത്തെ ബഡ്ജറ്റിൽ ഗ്രാന്റിനുള്ള തുക അദ്ദേഹം വകയിരുത്തുകയും ചെയ്തെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ അതിന്റെ ഗൗരവം പരിഗണിക്കാതെ ഗ്രാന്റ് വെട്ടിക്കുറയ്ക്കുകയും ചിലപ്പോൾ നൽകാതിരിക്കുകയും ചെയ്തത്, വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തെ ഗ്രാന്റ് നിഷേധിക്കപ്പെട്ടിരിക്കുകയുമാണ്. ഗണേഷ്കുമാർ സിനിമാമന്ത്രിയായി ചുമതലയേറ്റപ്പോൾ പ്രിയദർശന്റെ നേതൃത്വത്തിലുള്ള ചലച്ചിത്ര അക്കാദമി ഫെഡറേഷനോടും സൊസൈറ്റികളോടും വളരെ നിഷേധാത്മകമായ നിലപാടുകൾ സ്വീകരിച്ചു. കാൽനൂറ്റാണ്ടോളം ഫെഡറേഷൻ പ്രവർത്തിച്ചിരുന്ന ഓഫീസ് കലാഭവനിൽനിന്ന് നിർബ്ബന്ധമായി മാറ്റി. എന്നാൽ രാജീവ്നാഥിന്റെ നേതൃത്വത്തിലുള്ള പുതിയ സമിതി ഫെഡറേഷന്റെ സഹകരണം ആവശ്യപ്പെടുകയും കഴിയുന്നത്ര സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. ഈ പ്രതികൂലാന്തരീക്ഷത്തിലും ഫെഡറേഷനും ഫിലം സൊസൈറ്റികളും സ്വയം പൊരുതി നിൽക്കുകയും പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോവുകയും ചെയ്യുന്നുണ്ട്.

ഈ ജൂബിലി വർഷത്തിൽ നിരവധി പുതിയ പ്രവർത്തനങ്ങളേറ്റെടുത്തുകൊണ്ട്, ഫിലിം സൊസൈറ്റികൾ കൂടുതൽ സജീവമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## RAC മീറ്റിംഗ്
## തിരുവനന്തപുരത്ത്

ഫെഡറേഷന്റെ Rules and Regulations-ന് ഭേദഗതി നിർദ്ദേശിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള Rules Amendment Committee (RAC) യുടെ യോഗം ജൂൺ 13, 14 തീയതികളിൽ തിരുവനന്തപുരത്താണ് നടക്കുന്നത്. ഗൗതംകൗൾ (പ്രസിഡന്റ്), പ്രേമേന്ദ്ര മജുംദാർ (ജന. സെക്രട്ടറി), അനിൽ ജയിൻ (ദില്ലി), ശങ്കർപാൽ (കൊൽക്കത്ത), സുധീൻ നന്ദ്ഗോവ്കർ (മുംബൈ), പ്രകാശ് റെഡ്ഡി (ഹൈദരാബാദ്), വി കെ ജോസഫ് (കേരളം) എന്നിവരാണ് ഈ സമിതിയിലെ അംഗങ്ങൾ. കേരള സബ് റീജിയനാണ് ആതിഥ്യം വഹിക്കുന്നത്.



# മലയാളം സബ് ടൈറ്റിലിംഗ് ശില്പശാല



ചലച്ചിത്ര അക്കാദമിയുടേയും ഫിലിം സൊസൈറ്റി ഫെഡറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ ചലച്ചിത്ര അക്കാദമിയിൽ വച്ച് 2015 ഫെബ്രുവരി 15-ന് മലയാളം സബ് ടൈറ്റിലിംഗിനെക്കുറിച്ചുള്ള ഒരു ശില്പ ശാല നടന്നു. ഇന്ത്യൻ ഭാഷകളിലേയും ലോകത്തിലെ വിവിധ രാജ്യങ്ങളിലേയും മികച്ച സിനിമകൾ കൂടു തൽ ജനവിഭാഗങ്ങളിലേക്കും വിദ്യാർത്ഥികളിലേക്കും എത്തിക്കുന്നതിന്റെ ഭാഗമായി അതെല്ലാം മലയാള ഭാഷയിൽ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. ചലച്ചിത്ര അക്കാദമി ചെയർമാൻ രാജീവ്നാഥിന്റെ അദ്ധ്യക്ഷ തയിൽ ചേർന്ന യോഗത്തിൽ പ്രശസ്ത എഴുത്തുകാ രൻ ഡോ. ജോർജ്ജ് ഓണക്കൂർ ശില്പശാല ഉദ്ഘാ ടനം ചെയ്തു. ഇപ്പോൾ സബ്ടൈറ്റിലിംഗ് ചെയ്യുന്ന എംസോൺ എന്ന സോഷ്യൽ മീഡിയ ഗ്രൂപ്പ് പ്രവർത്ത കരായ ഹുസൈൻ, പ്രേമചന്ദ്രൻ, ഉമ്മർ, ശിവകുമാർ, പ്രമോദ്, അഭിലാഷ് തുടങ്ങിയവരും, വിജയകൃഷ്ണൻ, സി എസ് വെങ്കിടേശ്വരൻ, വി കെ ജോസഫ്, ജി പി രാമചന്ദ്രൻ, എം എഫ് തോമസ്, ജെയിംസ് ജോസഫ്, ഡോ. പ്രിയ എസ് നായർ, വി എസ് ബിന്ദു, വി. ശശികുമാർ, ഡോ. ജി ആർ സന്തോഷ്, കെ ആർ മനോജ്, മമ്മദ് മൊണ്ടാഷ്, കെ ജി മോഹൻകുമാർ, കെ എസ് പ്രസന്നകുമാർ, കെ പ്രഭാകരൻ തുടങ്ങിയ ചലച്ചിത്ര നിരൂപകരും സംവിധായകരും ഫിലിം സൊസൈറ്റി ഫെഡറേഷൻ ഭാരവാഹികളും ശില്പശാലയിൽ പങ്കെടുത്തു.







# കെ എസ് എഫ് ഡി സി തീയേറ്ററുകൾ ഫിലിം സൊസൈറ്റികളുടെ പ്രദർശനങ്ങൾക്ക് അനുവദിക്കണം

ചലച്ചിത്ര വികസന കോർപ്പറേഷന്റെ പുതിയ ചെയർമാനായി ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ ചുമതലയേറ്റതിനെത്തുടർന്ന് ഫെഡറേഷന്റെ പ്രസിഡന്റ് കെ ആർ മോഹനൻ, സെക്രട്ടറി വി കെ ജോസഫ്, വി.ശശികുമാർ എന്നിവർ അദ്ദേഹത്തെ സന്ദർശിക്കുകയുണ്ടായി. മുൻകാലങ്ങളിൽ കലാഭവൻ തീയേറ്റർ ഫിലിം സൊസൈറ്റികൾക്ക് പ്രദർശനങ്ങൾക്കും ചലച്ചിത്രമേളകൾക്കും സൗജന്യനിരക്കിൽ അനുവദിച്ചിരുന്നുവെന്നും എന്നാൽ കഴിഞ്ഞ മൂന്നു നാലു വർഷങ്ങളായി ഇത് നിറുത്തിവച്ചിരിക്കുകയാണെന്നും കലാഭവൻ ഉൾപ്പെടെ കേരളത്തിലുള്ള കെ എസ് എഫ് ഡി സി തീയേറ്ററുകൾ ഫിലിം സൊസൈറ്റികളുടെ പ്രദർശനത്തിന് സൗജന്യനിരക്കിൽ അനുവദിക്കണമെന്നും അവർ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ഫെഡറേഷന്റെ ഓഫീസ് പ്രവർത്തിക്കുന്നതിന് കലാഭവനിൽ വീണ്ടും സ്ഥലം വിട്ടുതരണമെന്നുള്ള ആവശ്യവും ഉന്നയിച്ചു. ഇക്കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്നായിരുന്നു ചെയർമാന്റെ മറുപടി. തുടർന്ന് ഇക്കാര്യങ്ങൾ പരാമർശിച്ച് വിശദമായ ഒരു കത്ത് ചെയർമാന് കെ ആർ മോഹനൻ നല്കിയിട്ടുണ്ട്.



മികച്ച സംവിധായകനുള്ള അരവിന്ദൻ പുരസ്കാരം ബംഗാളി സംവിധായകൻ ബൗദ്ധേയൻ മുഖർജിക്ക് അടൂർ ഗോപാലകൃഷ്ണൻ നൽകുന്നു

## മലയാളസിനിമയിൽ പുതുനാമ്പുകൾ ഇപ്പോഴുമുണ്ട്-അടൂർ

**തിരുവനന്തപുരം:** മലയാളസിനിമയിൽ പുതുനാമ്പുകൾ ഇപ്പോഴുമുണ്ടെന്ന് ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ പറഞ്ഞു. ചലച്ചിത്ര ഫിലിം സൊസൈറ്റിയുടെ അരവിന്ദൻ അനുസ്മരണ പുരസ്കാരം സമർപ്പിച്ച് സംസാരിക്കുകയായിരുന്നു അടൂർ.

അടുത്തിടെ ചില ചിത്രങ്ങൾ കണ്ടപ്പോൾ മലയാളസിനിമ ഇല്ലാതെയായിട്ടില്ലെന്ന് മനസ്സിലായി. അരവിന്ദനും പദ്മരാജനും ഭരതനും മലയാളത്തിൽ വ്യത്യസ്ത സിനിമാ തരംഗം സൃഷ്ടിച്ചവരാണെന്നും അടൂർ പറഞ്ഞു.

മികച്ച സംവിധായകനുള്ള അരവിന്ദൻ പുരസ്കാരം ബംഗാളി ചിത്രം തീൻ കഹോന്റെ സംവിധായകൻ ബൗദ്ധേയൻ മുഖർജി ഏറ്റുവാങ്ങി. ഐ.എഫ്.എഫ്.കെ.യിൽ തന്റെ സിനിമ തിരഞ്ഞെടുക്കാത്തതിന്റെ ദുഃഖം അരവിന്ദൻ പുരസ്കാരം ലഭിച്ചതിലൂടെ ഇല്ലാതായെന്ന് ബൗദ്ധേയൻ മുഖർജി പറഞ്ഞു.

'ഒരാൾ പൊക്ക'ത്തിന്റെ സംവിധായകൻ സനൽകുമാർ ശശിധരൻ പ്രത്യേക പരാമർശത്തിനുള്ള പുരസ്കാരം ഏറ്റുവാങ്ങി. ജി. രാജമോഹൻ അദ്ധ്യക്ഷത വഹിച്ചു. കെ. മനോജ് കുമാർ, എ.ആർ. രാജൻ, ബീനാ പോൾ, സരസ്വതി നാഗരാജൻ, ജി. ശങ്കർ എന്നിവർ സംസാരിച്ചു.

### പുതിയ ഫിലിം സൊസൈറ്റികൾ

പുതിയതായി ഫെഡറേഷനിൽ അഫിലിയേഷൻ അനുവദിച്ച സൊസൈറ്റികൾ ഇവയാണ്.

1. എഎംഎ ഫിലിം സൊസൈറ്റി, കുളത്തൂർ, തിരുവനന്തപുരം
2. ഇൻസൈറ്റ് ഫിലിം സൊസൈറ്റി, പാലക്കാട്
3. ഒറ്റപ്പാലം ഫിലിം ക്ലബ്ബ്, ഒറ്റപ്പാലം
4. കായംകുളം ഫിലിം സൊസൈറ്റി, കായംകുളം
5. സിനിമാസ്സ്, തിരുവനന്തപുരം

# ത്രിദിന ശില്പശാല

# സിനിമയും ലിംഗപദവിയും




2015 മാർച്ച് 20,21, 22 തിയ്യതികളിൽ മഞ്ചേരി മലബാർ ടവറിൽ 'ലിംഗപദവിയും സിനിമയും' (Gender and Cinema) എന്ന വിഷയത്തിൽ ത്രിദിന ശില്പ ശാല നടന്നു. സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ സഹായത്തോടെയും ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യയുടെ സഹകരണത്തോ ടെയും മഞ്ചേരി മൊണ്ടാഷ് മൂവി ക്ലബ്ബാണ് ശില്പ ശാല സംഘടിപ്പിച്ചത്. 20-ന് രാവിലെ 10 മണിക്ക് പ്ര ശസ്ത നാടക/ചലച്ചിത്ര നടിയും പ്രവർത്തകയുമായ നിലമ്പൂർ ആയിഷ ശില്പശാല ഉദ്ഘാടനം ചെയ്തു. കലാ-സാമൂഹികരംഗങ്ങളിൽ നിലനിൽക്കുന്ന ലിംഗ ഭേദത്തിലെ അസമതകളേയും അനീതികളേയും അഭിമുഖീകരിക്കാതെ ഒരു ജനാധിപത്യജനതയെന്ന നിലയിൽ നമുക്ക് മുന്നോട്ടുപോകാനാകില്ലെന്ന് അവർ പറഞ്ഞു. താൻ നാടകപ്രവർത്തനങ്ങൾ തുടങ്ങിയ കാലത്തുനിന്നു ബഹുദൂരം മുന്നോട്ടു പോയിട്ടുണ്ടെ ങ്കിലും ലിംഗനീതിയുടെ കാര്യത്തിൽ ഇനിയും കാത ങ്ങൾ താണ്ടേതുണ്ടെന്നും അവർ ഓർമ്മിപ്പിച്ചു. മുഖ്യാ തിഥിയായിരുന്ന ചലച്ചിത്രനിരൂപകൻ ജി.പി. രാമച ന്ദ്രൻ വർത്തമാനകാല സാമൂഹിക-സാംസ്കാരിക സാഹ ചര്യങ്ങളിൽ ഇത്തരമൊരു ശില്പശാലയുടെ പ്രസക്തി ഊന്നിപ്പറഞ്ഞു. ചലച്ചിത്ര അക്കാദമി ഡെപ്യൂട്ടി ഡയറക്ടർ ഒയിന്ദ്രേല ഹസ്ര പ്രതാപൻ ശില്പശാലയുടെ കേന്ദ്രപ്ര മേയത്തെ അവതരിപ്പിച്ചു. ശില്പശാല ഡയറക്റ്റർ എൻ. മമ്മത് ശില്പശാലയുടെ പ്രവർത്തനപദ്ധതിയുടെ ആമുഖം നല്കി. അഡ്വ. എം. കേശവൻ നായർ ആശം സകളർപ്പിച്ചു. മൊണ്ടാഷ് മൂവി ക്ലബ് പ്രസിഡന്റ് അജയൻ ചെറുകോട് ആദ്ധ്യക്ഷംവഹിച്ച ചടങ്ങിന് കൃഷ്ണൻ സുകൃതം സ്വാഗതവും ചന്ദ്രബാബു തൃക്കലങ്ങോട് നന്ദിയും പറഞ്ഞു.

11 മണിക്ക് അംഗങ്ങളുടെ ഐസ്ബ്രേക്കിങ്ങ് സെഷൻ നടന്നു. തുടർന്നു നടന്ന സെഷനുകളിൽ ജി.പി. രാമചന്ദ്രൻ Representation of the Female Body in Indian Cinema എന്ന വിഷയവും അൻവർ അബ്ദുള്ള Problematizing the Female Gaze എന്ന വിഷയവും അവതരിപ്പിച്ചു. ഓരോ സെഷനിലും വിശദമായ ചർച്ചകൾ നടന്നു. വൈകിട്ട് ലൂസിയ പുവെൻസോ സംവിധാനം ചെയ്ത *XXY* വിശദമായ ആമുഖത്തോടെ പ്രദർശിപ്പിക്കുകയും പാനൽ അംഗങ്ങളുടെ നേതൃത്വത്തിൽ അതിലെ ലിംഗ രാഷ്ട്രീയം അപഗ്രഥിക്കപ്പെടുകയും ചെയ്തു.




21 ശനിയാഴ്ച ദിലീപ്‌രാജ് Beyond Biology: The Violence of Binaries, രേഷ്മ ഭരദ്വാജ് Queer Pleasures: Film and Sexuality in India, ഫാ. ബെന്നി ബെനെഡിക്റ്റ് Documentary as tool against the Sexual Divide എന്നീ വിഷയങ്ങൾ അവതരിപ്പിച്ചു. അവതരണങ്ങളെ തുടർന്ന് ലിംഗഭേദരാഷ്ട്രീയവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി കൾ, ഹ്രസ്വചിത്രങ്ങൾ, മ്യൂസിക് വിഡിയോകൾ എന്നിവ പ്രദർശിപ്പിച്ച് ചർച്ചകൾ നടന്നു.

22 ഞായർ ഡോ. സി. എസ്. വെങ്കിടേശ്വരൻ Redefining the Public Space in the Current Gender Scenario എന്ന വിഷയവും ഡോ. ജി. ആർ. സന്തോഷ്കുമാർ The Expression and Representation of the Male Bodies in Malayalam Cinema എന്ന വിഷയവും അവതരിപ്പിച്ചു. വൈകിട്ടു 5 മണിക്ക് നടന്ന അവലോകനയോഗത്തിൽ അംഗങ്ങൾ ശില്പശാലാനുഭവങ്ങൾ പങ്കുവെച്ചു. ശില്പ ശാലയിൽ 25 പേർ മുഴുവൻസമയ പങ്കാളികളായി രജിസ്റ്റർ ചെയ്തു. കൂടാതെ, മൊണ്ടാഷ് മൂവിക്ലബ് അംഗ ങ്ങളും മറ്റുമായി ഇരുപതോളം പേരും ശില്പശാലയുടെ ഭാഗമായി.

ശില്പശാലയിൽ പ്രദർശിപ്പിച്ച ചിത്രങ്ങൾ

1. XXY (Lucia Puenzo- Argentina)
2. All about my mother (Pedro Almadovar)
3. Chitrangada (Riruparnoghosh Bengal/India)
4. The Day I became AWoman (Marzia Mishkini)
5. Can you see the real me
6. Saving Faces
7. Boys do not use nailpolish!
8. My body, my weapon
9. Keli
10. One Woman (musical)

## ക്യാമ്പുകൾ



സുമംഗല ഫിലിം സൊസൈറ്റി ഭൂതത്താൻകെട്ടിൽ 2015 മാർച്ച് 21, 22 തീയതികളിൽ ചലച്ചിത്ര അക്കാദമിയുടേയും ഫെഡറേഷന്റേയും സഹകരണത്തോടെ ചലച്ചിത്ര പഠനക്യാമ്പ് നടത്തുകയുണ്ടായി. ചലച്ചിത്ര സംവിധായകൻ സുദേവൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജി പി രാമചന്ദ്രൻ, ജെയിൻ ജോസഫ്, ഐ ഷൺമുഖദാസ്, കെ എം കമൽ, എം എഫ് തോമസ്, മധു നീലകണ്ഠൻ, സാബു ചെറിയാൻ, ബി അജിത്കുമാർ, മനിഷ് മാധവൻ, സതീഷ് പോൾ, റോയ് പീച്ചാട്ട്, ജയകുമാർ ചെങ്ങമനാട് എന്നിവരാണ് ക്യാമ്പിന് നേതൃത്വം നൽകിയത്. ക്യാമ്പിനോടനുബന്ധിച്ച് ക്ലാസിക് സിനിമകളുടെ പ്രദർശനവും നടന്നു.

## IFFT തൃശൂർ




തൃശൂർ ചലച്ചിത്രകേന്ദ്രം, തൃശൂർ കോർപ്പറേഷനും ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് നടത്തുന്ന ചലച്ചിത്രമേള 10-ാമത് IFFT ഫെബ്രുവരി 20 മുതൽ 26 വരെ വിവിധ വേദികളിലായി നടന്നു. ലോകസിനി മ, സമകാലീന ഇന്ത്യൻ സിനിമ, Retrospective, Country Focus (France, Iran) ഇവയായിരുന്നു മുഖ്യ ഇനങ്ങൾ. കൂടാതെ Documentary & Short Film Festival, Painting Exhibition, ഫെബ്രുവരി 21 മുതൽ 25 വരെ നടന്ന Film Workshop ഇവ മേളയുടെ ഘടകങ്ങളായിരുന്നു. മേളയുടെ വിളംബരമായി ജനുവരി 10 മുതൽ 30 വരെ ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ Touring Cenema സംഘടിപ്പിച്ചിരുന്നു. കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ 50-ാം വാർഷികം പ്രമാണിച്ചുള്ള സെമിനാറിൽ ശ്രീ. അഷീഷ് രാജാധ്യക്ഷ പ്രഭാഷണം നടത്തി.

## ഫിൽക്ക ഫെസ്റ്റിവൽ



തിരുവനന്തപുരം ഫിൽക്ക ഫിലിം സൊസൈറ്റിയുടെ 15-ാമത് ചലച്ചിത്രോത്സവം 2015 ഏപ്രിൽ 24 മുതൽ 30 വരെ തിരുവനന്തപുരത്തു നടന്നു. അടൂർ ഗോപാലകൃഷ്ണനെക്കുറിച്ച് ശ്രീ. ഗിരീഷ് കാസറവള്ളി സംവിധാനം ചെയ്ത ഡോക്യുമെന്ററി (Images / Reflections) യുടെ ആദ്യ പ്രദർശനവും മേളയുടെ ഉദ്ഘാടന ദിവസം നടന്നു. അടൂർ ഗോപാലകൃഷ്ണൻ മേള ഉദ്ഘാടനം ചെയ്തു. ഗിരീഷ് കാസറവള്ളി സന്നിഹിതനായിരുന്നു. വിദ്യാർത്ഥികൾക്കായി നടത്തിയ ഡോക്യുമെന്ററി/ ഷോർട്ട് ഫിലിം മത്സരവിജയികൾക്കുള്ള അവാർഡുകളും വിതരണം ചെയ്തു.

## പുതുവിചാരം കൂട്ടായ്മ

പയ്യന്നൂർ സർഗ്ഗ ഫിലിം സൊസൈറ്റി ആദ്യ പ്രദർശനം നടന്നിട്ട് 40 വർഷം തികയുന്ന ഏപ്രിൽ 14-ന് പുതുവിചാരം എന്ന പേരിൽ സർഗ്ഗയുമായി സഹകരിച്ചിരുന്നവരുടെ കൂട്ടായ്മ സംഘടിപ്പിച്ചു.

## സൂര്യ



തിരുവനന്തപുരത്ത് സൂര്യ ഫിലിം സൊസൈറ്റി Best of IFFK / Contemporary Malayalam Cinema മേളയിൽ 2015 ഫെബ്രുവരി 22 മുതൽ മാർച്ച് 4 വരെ 25 ചിത്രങ്ങളും ഏപ്രിൽ 26 മുതൽ മേയ് 5 വരെ 20 ചിത്രങ്ങളും പ്രദർശിപ്പിച്ചു. കോ-ബാങ്ക് ഓഡിറ്റോറിയത്തിലാണ് പ്രദർശനങ്ങൾ നടന്നത്.

## SNSS ഫിലിം സൊസൈറ്റി- പത്മരാജൻ ഫിലിം ഫെസ്റ്റിവൽ

തിരുവനന്തപുരം SNSS ഫിലിം സൊസൈറ്റി ഫെബ്രുവരി 28, മാർച്ച് 1, 2 തീയതികളിലായി പത്മരാജൻ സംവിധാനം ചെയ്തവയിൽനിന്നു തെരഞ്ഞെടുത്ത ചിത്രങ്ങളുടെ പ്രദർശനം സംഘടിപ്പിച്ചു. ഏപ്രിൽ ആദ്യവാരം

ഫാസിസ്റ്റ്‌വിരുദ്ധ ചിത്രങ്ങളുടെ മേളയും നടന്നു.

## ബാനർ തിരുവനന്തപുരം

തിരുവനന്തപുരം ബാനർ ഫിലിം സൊസൈറ്റിയുടെ ഏപ്രിൽ മാസത്തെ പ്രോഗ്രാം 'My Favourites'-ൽ സംവിധായകൻ ശ്യാമപ്രസാദ് തെരഞ്ഞെടുത്ത നാലുചിത്രങ്ങൾ (*Annie's Hall, The Double Life of Veronique, Talk to Her, Sideway's*) പ്രദർശിപ്പിച്ചു. മേയ്മാസത്തിൽ ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ച ചിത്രങ്ങൾ: *The Kid, Lassie, The Chairy Tale, Spirited Away, മാസ്മരികം*.

## മെട്രോ

കൊച്ചി മെട്രോ ഫിലിം സൊസൈറ്റി 2015 മാർച്ച് 1-ന് *Age of Panic, Grand Central, The Neen* എന്നീ ചിത്രങ്ങൾ ഉൾപ്പെടുത്തി ഫ്രഞ്ച് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിച്ചു. മാർച്ച് 29-ന് കൂടിയാട്ടം കലാകാരി കപിലയെക്കുറിച്ചുള്ള ഡോക്യുമെന്ററിയുടെ പ്രദർശനവും നടന്നു.

## കൊച്ചിൻ ഫിലിം സൊസൈറ്റി

മേയ് മാസത്തിൽ *കളിപ്പാട്ടക്കാരൻ* (ഷിനോസ് റഹ്മാൻ & സജാസ് റഹ്മാൻ) *And the Fight Goes on* (Socreties K Valath), *കരി* (നാറാണിപ്പുഴ ഷാനവാസ്) എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്.

## രശ്മി ഫിലിം സൊസൈറ്റി പുരസ്കാരങ്ങൾ

രശ്മി ഫിലിം സൊസൈറ്റി 40-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഡോക്യുമെന്ററി/ഷോർട്ട് ഫിലിം മത്സരത്തിൽ ഡോക്യുമെന്ററി വിഭാഗത്തിൽ കോഴിക്കോട് എംബിഎൽ മീഡിയാ സ്കൂളിലെ പി കെ അഷ്ഹാബ് അയൂബും മൻസൂർ അലിയും സംവിധാനം ചെയ്ത *വിക്ടിം ഓഫ് ലോറൻ* സമ്മാനാർഹമായി. ഷോർട്ട് ഫിലിം വിഭാഗത്തിൽ കണ്ണൂർ പാല ഗവണ്മെന്റ് ഹയർസെക്കന്ററി സ്കൂളിലെ ദിപിൻ മാത്യുവിന്റെ *നിഴൽചിത്ര*ത്തിനാണ് സമ്മാനം.

## ദേശീയ ചലച്ചിത്രമേള

ബാങ്ക്മെൻസ് ഫിലിം സൊസൈറ്റിയും സംസ്ഥാന ചലച്ചിത്ര അക്കാദമി, കോഴിക്കോട് നഗരസഭ ഇവരുടെ സഹകരണത്തോടെ കോഴിക്കോട് അശ്വനി ഫിലിം സൊസൈറ്റി മേയ് 12 മുതൽ 16 വരെ 5 ദിവസം നീണ്ടുനില്ക്കുന്ന ദേശീയ ചലച്ചിത്രമേള സംഘടിപ്പിച്ചിരുന്നു. ഇന്ത്യയിലെ വിവിധ ഭാഷകളിൽ നിർമ്മിച്ച ശ്രദ്ധേയമായ സിനിമകളാണ് പ്രദർശിപ്പിച്ചത്. 13, 14, 15 തീയതികളിൽ ഓപ്പൺ ഫോറം, സെമിനാറുകൾ ഇവയും സംഘടിപ്പിച്ചിരുന്നു.

### അറിയിപ്പ്

2015-16 ലെ സബ്സ്ക്രിപ്ഷൻ അടച്ചിട്ടില്ലാത്ത ഫിലിം സൊസൈറ്റികൾ എത്രയും വേഗം അടയ്ക്കാൻ അഭ്യർത്ഥിക്കുന്നു.

## സി പി പത്മകുമാർ അനുസ്മരണം



അന്തരിച്ച ചലച്ചിത്രകാരൻ സിപി പത്മകുമാറിനെ അനുസ്മരിക്കാൻ തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ ശ്രീ. ഗിരീഷ് കാസറവള്ളി അനുസ്മരണ പ്രഭാഷണം നടത്തി. (Digital Cenema and its Idiom) പത്മകുമാറിനെക്കുറിച്ചുള്ള സ്മരണകളുടെ സമാഹാരമായ *നിത്യത* സംവിധായകൻ കെ.പി. കുമാരൻ ചിത്രകാരനും കവിയുമായ ജോർജ്ജിന് നല്കി പ്രകാശനം ചെയ്തു.

## സിനിമാവണ്ടി

മുഖ്യധാരയിൽനിന്ന് മാറിയുള്ള സിനിമാപ്രവർത്തനങ്ങൾ സമപീകാലത്തായി മലയാളത്തിൽ സജീവമാണ്. പക്ഷെ, കലാപരമായ പരീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന ഉൾക്കരുത്തുള്ള ഇത്തരം ചിത്രങ്ങൾ തീയേറ്ററിലൂടെയും ടെലിവിഷനിലൂടെയും പ്രദർശിപ്പിക്കാൻ ഇന്നു കഴിയുന്നില്ല. ഇയവസരത്തിലാണ് തിരുവനന്തപുരത്തെ കാഴ്ച ചലച്ചിത്രവേദി സിനിമാവണ്ടി എന്ന പരീക്ഷണവുമായി എത്തിയത്. *ഒരാൾപ്പൊക്കം* എന്ന ചലച്ചിത്രം കേരളീയ ഗ്രാമങ്ങളിലേക്ക് എത്തിച്ചുകൊണ്ട് ഒരു മാറ്റത്തിന് തുടക്കമിടാനാണ് ശ്രമം. 2015 ജനുവരി 24-ന് അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനംചെയ്ത സിനിമാവണ്ടി കേരളത്തിലങ്ങോളമിങ്ങോളം നൂറോളം പ്രദർശനങ്ങൾ നടത്തിക്കഴിഞ്ഞു. പല ഫിലിം സൊസൈറ്റികളുടെയും സഹകരണവും സഹായവും ഉണ്ടായിരുന്നു. ഇത്തരം സംരംഭങ്ങൾക്ക് ഫിലിം സൊസൈറ്റികളുടെ സഹകരണം തുടർന്നും ഉണ്ടാകേണ്ടതാണ്.

### അറിയിപ്പ്

Bullettin തുടർന്ന് രണ്ടുമാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നു. ഫിലിം സൊസൈറ്റികൾ അവരുടെ പ്രവർത്തനങ്ങൾ/പരിപാടികൾ യഥാസമയം അറിയിച്ചാൽ ബുള്ളറ്റിനിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. തപാലിലോ ഇ-മെയിലായോ അയയ്ക്കുക. പരിപാടികൾ യഥാസമയം അറിയിക്കുന്നതിൽ ജാഗ്രത പുലർത്താൻ അഭ്യർത്ഥിക്കുന്നു.

Printed and published by V K Joseph, Secretary on behalf of FFSI Kerala Sub-Region, Flat No.3, Sandunes Apartments, Chirakkulam Road Statue, Thiruvananthapuram 695 001 | Phone: 0471.3274557 | E-mail: ffsikeralam@gmail.com (For private circulation only)